**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പരീക്ഷ മൂല്യനിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്കൂൾ പരീക്ഷകളുടെ മൂല്യനിർണ്ണയത്തിൽ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന് അനുസൃതമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിലയിരുത്തൽ മാർഗരേഖയുടെ ( ക്ലാസ് 8) കരട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഈ വർഷം ഏതെല്ലാം ക്ലാസ്സുകളിലാണ് മാറ്റം വരുത്താനുഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ഈ അധ്യയന വർഷം പരീക്ഷകളുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട മാറ്റം എട്ടാം ക്ലാസിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് 2024 -2025 അക്കാദമിക വർഷം മുതൽ 8-ാം ക്ലാസിൽ സബ്ജക്ട് മിനിമം നടപ്പിലാക്കുന്നു. എഴുത്ത് പരീക്ഷയിൽ മിനിമം സ്കോർ ലഭിക്കാത്ത കുട്ടികൾക്ക് സവിശേഷ പഠനപിന്തുണ നൽകേണ്ടതുണ്ട്. 2024-25 അധ്യയന വർഷത്തെ അർധവാർഷിക പരീക്ഷയിൽ ഓരോ വിദ്യാർത്ഥിക്കും ലഭിച്ച വിവിധ വിഷയങ്ങളിലെ സ്കോർ സമ്പൂർണ്ണ പ്ലസിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത അധ്യയന വർഷത്തെ 1 മുതൽ 9 വരെ ക്ലാസുകളിലെ അർദ്ധ വാർഷിക മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പഠനപിന്തുണാപരിപാടി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാലയങ്ങൾക്ക് നൽകിയിട്ടുണ്ട്. അർധവാർഷിക പരീക്ഷയിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ ക്ലാസ് ടീച്ചർ കണ്ടെത്തി അവരുടെ ഓരോ വിഷയത്തിലുമുള്ള കഴിവുകളും പരിമിതികളും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രഥമാധ്യാപകന്റെ/അധ്യാപികയുടെ നേതൃത്വത്തിൽ എസ്.ആർ.ജി. (School Resource Group)-ൽ കുട്ടികളുടെ പഠനപ്രയാസങ്ങൾ ചർച്ച ചെയ്ത് അവരുടെ അനുഭവവിടവ് പരിഹരിക്കുന്നതിനുള്ള പഠനപിന്തുണാപരിപാടികൾ ഓരോ വിദ്യാലയത്തിലും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എഴുത്തു പരീക്ഷയിൽ മിനിമം മാർക്ക് വേണമെന്ന് നിഷ്കർഷിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ? | (സി) | ഉണ്ട്. സ.ഉ(കൈ)നം. 103/2024/പൊ.വി.വ, തീയതി 16.08.2024 പ്രകാരം 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ജനപങ്കാളിത്തത്തോടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിപാടി രൂപീകരിക്കുന്നതിനും, 2024-2025 അക്കാദമിക വർഷം 8-ാം ക്ലാസ്സിലും 2025-2026 അക്കാദമിക വർഷം 8, 9 ക്ലാസ്സുകളിലും 2026-2027 അക്കാദമിക വർഷം 8, 9, 10 ക്ലാസ്സുകളിലും പൊതുപരീക്ഷയിൽ സബ്ജക്ട് മിനിമം നടപ്പാക്കുന്നതിനും, നിരന്തര മൂല്യനിർണ്ണയത്തിൽ തികഞ്ഞ ജാഗ്രത പുലർത്തുന്നതിനും, മെരിറ്റ് മാത്രം പരിഗണിക്കുന്നതിനുമായി പ്രത്യേക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതിനും ഉത്തരവാകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ